# ദൈവം നമ്മോടു കൂടെ

## ജനനപ്പെരുന്നാളിനു മുമ്പുള്ള ഞായറാഴ്ച

'ദൈവം നമ്മോടു കൂടെ' എന്നർത്ഥമുള്ള അമ്മാനുവേലായ ക്രിസ്തുവിന്റെ ജനനപ്പെരുനാളിനുള്ള ഒരുക്കം പൂർത്തിയാവുകയായി. എന്നാൽ ക്രിസ്തുവിനെ സ്വീകരിക്കാനും ലോകത്തിനു സമ്മാനിക്കാനും പ്രാപ്തരായി ത്തീരാനുള്ള ഒരുക്കം വ്യക്തിയിലോ, ചില വ്യക്തികളിലോ, ഒരു തലമുറയിലോ മാത്രം ഒതുങ്ങി നിൽക്കുന്നില്ല. തലമുറകളുടെ ഒരുക്കം ഇതിനാവശ്യമായിരിക്കുന്നു. എത്രയോ തലമുറകളായി നിലനിർത്തിപ്പോന്നിരുന്ന പ്രതീക്ഷയായിരുന്നു മശിഹായുടെ ജനനം. ഒരു തലമുറയിൽ പൂർത്തീകരിക്കപ്പെടാത്ത പ്രതീക്ഷകൾ അടുത്ത തലമുറയിൽ നിറവേറാൻ മുതിർന്ന തലമുറ ഇളംതലമുറയെ സജ്ജമാക്കണം. ഈ ഒരുക്കം തുടർന്നുകൊണ്ടിരിക്കണം. ക്രിസ്തു തന്റെ പൂർണ്ണതയിൽ നമ്മുടെ മദ്ധ്യേ പിറക്കാൻ ഇങ്ങനെ കാലത്തികവുണ്ടാകണം.

പ്രത്യക്ഷത്തിൽ വിരസമായിത്തോന്നാവുന്ന വംശാവലിയാണ് (മത്താ. 1:1-17, ലൂക്കോ. 3:23-28) ക്രിസ്തുവിന്റെ ജനനപ്പെരുന്നാളിനു മുമ്പുള്ള ഞായറാഴ്ച സുവിശേഷത്തിൽ നിന്നുള്ള വായനയായി സഭ ക്രമീകരിച്ചിരിക്കുന്നത്. എന്നാൽ സൂക്ഷ്മ പരിശോധനയിൽ ഇതിലൂടെ ചില നല്ല ചിന്തകൾ സംവേദിപ്പിക്കുവാൻ സഭ ഉദ്ദേശിക്കുന്നുണ്ടെന്നു ബോധ്യമാവും.

മനുഷ്യ വംശപരമ്പരയിൽ ഒരു കണ്ണിയായിത്തന്നെ യേശുവിന്റെ പിറവി ചിത്രീകരിക്കുന്നതിലൂടെ സുവിശേഷകന്മാർ ഒരു കാര്യം ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കുന്നു. യേശുക്രിസ്തു ഒരു സമ്പൂർണ്ണ മനുഷ്യനായിപ്പിറന്നു എന്ന ചരിത്ര വസ്തുതയാണത്. യേശുവിന്റെ കന്യകാജനനം ഊന്നിപ്പറയുമ്പോൾ തന്നെ മനുഷ്യപ്രകൃതിയുടെ എല്ലാ പരിമിതികൾക്കും വിധേയനായി പൂർണ്ണ മനുഷ്യനായി യേശു ജനിച്ചു എന്ന് സുവിശേഷം പ്രഖ്യാപിക്കുന്നു.

യേശുവിന്റെ വംശപരമ്പരയിൽ വരുന്ന ശ്രദ്ധേയരായ രണ്ടു പിതാമഹന്മാരാണ് അബ്രഹാമും ദാവീദും. 'അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലി' എന്ന മുഖവുരയോടെയാണ് വി. മത്തായി സുവിശേഷം ആരംഭിക്കുന്നതു തന്നെ.

അബ്രഹാം യിസ്രായേൽ ജനതയുടെ പിതാവു മാത്രമല്ല വി. പൗലോസിന്റെ വ്യാഖ്യാനപ്രകാരം വിശ്വാസത്തിലൂടെ ക്രിസ്തുവിനെ സ്വീകരിച്ച സകല ജാതികൾക്കും പിതാവത്രെ. കൽദായരുടെ ഊരിൽ നിന്ന് പുറപ്പെട്ട് കനാനിലേക്ക് പോകുവാൻ ദൈവം വിളിക്കുമ്പോഴും ഏകജാതനായ യിസഹാക്കിനെ ബലി കഴിക്കണം എന്നാവശ്യപ്പെടുമ്പോഴും അതനുസരിച്ച് തിരുഹിതത്തിന് കീഴ്പ്പെട്ട് ദൈവത്തിലുള്ള ആഴമായ വിശ്വാസം അബ്രഹാം പ്രകാശിപ്പിക്കുകയായിരുന്നു. എക്കാലവും ദൈവത്തിന്റെ വിളി ക്രിസ്തുവിലൂടെ കേട്ട് അതനുസരിക്കുന്ന ഏവർക്കും അബ്രഹാം മാതൃകയും പിതാവുമാകുന്നു. യഹൂദവംശത്തിൽ പിറന്ന ദൈവത്തിന്റെ അഭിഷിക്തനായ (മശിഹാ) രാജാവാണ് ദാവീദ്. അതേ രാജവംശത്തിൽ നിന്നു തന്നെ ഹൃദയങ്ങളെ ഭരിച്ചു നടത്തി ഭൂമിയിൽ ദൈവഹിതം നിറവേറ്റുന്ന സ്വർഗ്ഗരാജ്യ വ്യവസ്ഥിതി സംസ്ഥാപിക്കുന്ന രാജാധിരാജാവു പിറക്കുന്നു.

ക്രിസ്തു ജനിക്കുന്നതിനു തലമുറകളിലൂടെ നടക്കുന്ന തയ്യാറെടുപ്പിൽ പുരുഷന്മാർ മാത്രമല്ല, സ്ത്രീകളും പങ്കാളികളാവുന്നു. സ്ത്രീകളുടെ പേരുകൾ ഒരിക്കലും യഹൂദ വംശാവലിയിൽ കാണുകയില്ല. എന്നാൽ താമാർ, രാഹാബ്, രൂത്ത്, ബത്ശേബാ എന്നീ സ്ത്രീകൾ യേശുവിന്റെ വംശാവലിയിൽ സ്ഥാനം പിടിച്ചിരിക്കുന്നു. ഈ സ്ത്രീകളുടെ സംഭാവന സൂചിപ്പിച്ചുകൊണ്ട് യേശുവിന്റെ ജനനത്തിൽ മറിയാമിന്റെ പ്രത്യേക പങ്കാളിത്തത്തിലേക്ക് വംശാവലി വിരൽ ചൂണ്ടുകയാണ്.

യേശുവിങ്കലേക്ക് പ്രതീക്ഷയോടെ നോക്കുകയും യേശുവിനായി സ്വയം സജ്ജമാവുകയും യേശുവിൽ എത്തിനിൽക്കുകയും ചെയ്യുന്ന ഒരു വംശചരിത്രമാണ് സുവിശേഷാരംഭത്തിൽ വംശാവലിയിലൂടെ സൂചിപ്പിക്ക പ്പെട്ടിരിക്കുന്നത്. എല്ലാ കുടുംബങ്ങളുടെയും ചരിത്രം ക്രിസ്തുവിനെ ലക്ഷ്യം വയ്ക്കുന്നതും അവനിൽ ചെന്നെത്തുന്നതുമാവണം. ക്രിസ്തുവിനെ ലോകത്തിനു നൽകാനാവുംവിധം അത് സജ്ജമായി പൂർണ്ണതയിലേക്കു നീങ്ങണം. ഒരു തലമുറ അതിന്റെ പോരായ്മകളും പരിമിതികളും സ്വയം തിരിച്ചറിഞ്ഞ് തിരുത്തുകയും പിൻതലമുറ പൂർണ്ണതയിലേക്കു വളരാൻ സാഹചര്യങ്ങളിണക്കി അതിനെ ഒരുക്കുകയും വേണം.

ഇത്തരം വംശപരമ്പരയിൽ ആദ്ധ്യാത്മികശക്തിയുള്ളവർ എഴുന്നേൽക്കുന്നതും കൂട്ടിച്ചേർക്കപ്പെടുന്നതും നാം കാണുന്നുണ്ടല്ലോ. ഒരു വ്യക്തി ദൈവസന്നിധിയിൽ സ്വീകാര്യനാവുന്നത് പാരമ്പര്യത്തിന്റെ മഹിമ ആസ്പദമാക്കിയല്ല. ആ വ്യക്തിയുടെ സമർപ്പണത്തെ ആശ്രയിച്ചാണെന്നതിന് സംശയമില്ല. എന്നാൽ പൂർവ്വീകരുടെ ജീവിത ഔന്നത്യം ഇതിൽ സുപ്രധാനമായ ഒരു പങ്കു വഹിക്കും എന്ന കാര്യം നാം വിസ്മരിച്ചുകൂടാ. 'ആ വിശ്വാസം ആദ്യം നിന്റെ വലിയമ്മ ലോവീസിലും അമ്മ യൂനീക്കായിലും ഉണ്ടായിരുന്നു. നിന്നിലും ഉണ്ടെന്ന് ഞാൻ ഉറച്ചിരിക്കുന്നു' (2 തിമോ. 1:5) എന്ന് വി. പൗലോസ് തീമോത്തിയോസിനോടു പറയുന്നുണ്ടല്ലോ. അബ്രഹാം, ദാവീദ്, രൂത്ത് എന്നിങ്ങനെ ആദ്ധ്യാത്മിക പ്രഭാവമുള്ളവരെ സംഭാവന ചെയ്യുവാൻ കഴിഞ്ഞ വംശപരമ്പരയിൽ പിറന്ന മറിയാമിനും യൗസേഫിനും രക്ഷകനെ ലോകത്തിനു നൽകാൻ കഴിഞ്ഞു. യേശുവിനെ സ്വീകരിച്ച് ലോകത്തിന് സമ്മാനിക്കാൻ കഴിയുന്ന ധന്യതയാർന്ന ഒരു പുതിയ തലമുറയെ തയ്യാറാക്കാൻ മുതിർന്ന തലമുറയ്ക്ക് ഉത്തരവാദിത്തമുണ്ട്.

**- ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്**